# സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം - സ്കൂൾ റിപ്പോർട്ട്

സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവവുമായി ബന്ധപ്പെട്ട് 2022 ആഗസ്റ്റ് 10 മുതൽ 15 വരെ സെന്റ് പോൾസ് കോൺവെന്റ് ഇംഗ്ലീഷ് ഹയർസെക്കൻഡറി വിദ്യാലയത്തിൽ ദേശസ്നേഹം വിദ്യാർത്ഥികളിൽ ഉണർത്തുന്നതിന് ഉപയുക്തമായ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

ആഗസ്റ്റ് പത്തിന് ബുധനാഴ്ച സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ് എന്ന പേരിൽ പരിപാടി നടത്തി. 5 മീറ്ററിൽ കൂടുതൽ നീളമുള്ള വെളുത്ത തുണിയിൽ ഒപ്പുശേഖരണം നടത്തി.. വാർഡ് കൗൺസിലർ ശ്രീമതി ആൻസി ജേക്കബ്, പി ടി എ പ്രസിഡന്റ് ശ്രീ പ്രിൻസ് പെരുമ്പിള്ളി, സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ സാന്നിധ്യ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ സ്വാതന്ത്ര്യ സ്മരണ പുതുക്കി കൊണ്ട് കയ്യൊപ്പുകൾ ചാർത്തി. ഇതിനു മുന്നോടിയായി സ്വാതന്ത്ര്യ സമര നേതാക്കന്മാരുടെയും സ്വാതന്ത്ര്യസമര സന്ദർഭങ്ങളും വിഷയമാക്കി വിദ്യാലയത്തിൽ ചിത്രരചന മത്സരം  സംഘടിപ്പിച്ചു.

ആഗസ്റ്റ് 11ന്  ( വ്യാഴം) സ്കൂൾ അങ്കണത്തിൽ 'ഗാന്ധി മരം' എന്ന പേരിൽ ഒരു തൈ നടൽ പ്രവർത്തനം നടത്തി. ഫലവൃക്ഷം ആയ പ്ലാവ് ആണ് അതിനായി തിരഞ്ഞെടുത്തത്. വാർഡ് കൗൺസിലർ തൈ നട്ടു. മണ്ണ് ഇടുന്നതിനും വെള്ളം ഒഴിക്കുന്നതിനും പ്രിൻസിപ്പാളും പിടിഎ പ്രസിഡന്റും വിദ്യാർത്ഥികളും മുന്നിട്ടുനിന്നു.

ആഗസ്റ്റ് 12ന് ( വെള്ളി ) വിദ്യാലയത്തിൽ ഭരണഘടനയുടെ ആമുഖം വായിച്ചു.ഒരു കുട്ടി വായിച്ചു കൊടുക്കുകയും മറ്റുള്ളവർ ഏറ്റു വായിക്കുകയും ചെയ്തു. തുടർന്ന് എൽപി യുപി ഹൈസ്കൂൾ ഹയർ സെക്കൻഡറി  വിദ്യാർഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ദേശഭക്തി ഗാന മത്സരവും നടത്തി. പിന്നീട് വിവിധ വിഭാഗങ്ങളിലെ വിദ്യാർഥികൾക്കായി ഫാൻസി ഡ്രസ്സ് മത്സരവും, സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങളിൽ ഭാരതം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുന്ന പ്രസംഗ മത്സരവും നടന്നു. മൂന്നുദിവസം വിദ്യാലയത്തിൽ പതാക നാട്ടി.

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് വിദ്യാലയവും പരിസരവും മനോഹരമായി അലങ്കരിക്കുകയും സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ വിപുലമായ രീതിയിൽ വിദ്യാലയത്തിൽ സംഘടിപ്പിക്കുകയും  ചെയ്തു. ആഗസ്റ്റ് 15ന് രാവിലെ  വിദ്യാർഥികളും അധ്യാപകരും പിടിഎ പ്രതിനിധികളും രക്ഷിതാക്കളും ചേർന്ന് സ്കൗട്ട് ആൻഡ് ഗൈഡ് നേതൃത്വത്തിൽ പ്രധാന അധ്യാപിക ദേശീയ പതാക ഉയർത്തി. തുടർന്ന് ഓഡിറ്റോറിയത്തിൽ ഒത്തുചേർന്ന് സ്വാതന്ത്ര്യദിന യോഗം നടത്തി. യോഗത്തിൽ പ്രിൻസിപ്പാൾ സിസ്റ്റർ സാന്നിധ്യ, മാനേജർ സിസ്റ്റർ ലിറ്റി രാഫെൽ, പി ടിഎ പ്രസിഡണ്ട് ശ്രീ പ്രിൻസ് പെരുമ്പിള്ളി, അധ്യാപക പ്രതിനിധി ശ്രീമതി സാന്ദ്ര തോമസ് എന്നിവർ സ്വാതന്ത്ര്യദിനാശംസകൾ നേർന്നു. തുടർന്ന് വിദ്യാർഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. അതിൽ ഏറ്റവും മികവാർന്നത് കുട്ടികൾ ഒരുക്കിയ സ്വാതന്ത്ര്യസമര സേനാനികളെ അനുകരിച്ചു കൊണ്ടുള്ള ടാബ്ലോ ആയിരുന്നു. തുടർന്ന് മത്സര വിജയികൾക്കുള്ള സമ്മാനദാനവും റാലിയും നടത്തി. മധുര വിതരണത്തോടെ സ്വാതന്ത്ര്യ ദിന പരിപാടികൾ സമംഗളം പര്യവസാനിച്ചു.

Edit with WPS Office